**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 586** **09-08-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിലെ ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മെഡിക്കൽ കോളേജുകളിലെ ആശുപത്രി വികസന സൊസൈറ്റികളുടെ (എച്ച്.ഡി.എസ്.) വരവ്, ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | പരിശോധിക്കാറുണ്ട്. |
| (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ ഏതു വർഷം വരെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ടെന്നും ഏതു വർഷം വരെയുള്ളവയുടെ ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും ഏതു വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | തൃശ്ശൂർ മെഡിക്കൽ കോളേജ് എച്ച്.ഡി.എസ് ന്റെ 2012-13 വരെയുള്ള വാർഷിക കണക്കുകളാണ് ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളത്. 2013-14 മുതലുള്ള വാർഷികകണക്കുകൾ നാളിതുവരെ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. |
| (സി) | ഓഡിറ്റ് വകുപ്പ് തൃശ്ശൂർ മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയിൽ അവസാനമായി നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഏറ്റവും ഒടുവിലായി പുറപ്പെടുവിച്ച തൃശ്ശൂർ മെഡിക്കൽ കോളേജ് എച്ച്.ഡി.എസ് ന്റെ 2012-13ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ യഥാസമയം വാർഷിക കണക്കുകൾ സമർപ്പിക്കാതെ വന്നാൽ സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (ഡി) | 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ്- 9ൽ പ്രസ്തുത ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപെടുന്ന സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിനു സമർപ്പിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ പ്രതിപാദിക്കുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു. "സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അതോറിറ്റി വാർഷികകണക്കുകൾ തയാറാക്കി ഓഡിറ്റിനു സമർപ്പിക്കണം. പ്രസ്തുത കാലയളവിനുള്ളിൽ വാർഷികകണക്ക് സമർപ്പിക്കാതിരുന്നാൽ 1000 രൂപ മുതൽ 3,000രൂപ വരെ പിഴ ചുമത്താവുന്നതാണ്." എന്നാൽ മെഡിക്കൽ കോളേജ് എച്ച്.ഡി.എസുകൾ പ്രസ്തുത ഷെഡ്യൂളിൽ ഇതുവരെയായി ഉൾപ്പെടാത്ത |

| | | | |
|---|---|---|---|
| | | | സ്ഥാപനമായതിനാൽ ആക്ടിന്റെ വകുപ്പ് - 9 ലെ നടപടിക്രമങ്ങൾ സ്വീകരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

എൽ.എഫ്.ടി(എസ്2))299/15

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി
ഡയറക്ടറുടെ ജില്ലാ കാര്യാലയം, തൃശ്ശൂർ.
തിയ്യതി : 04.06.15

Spare copy

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മെഡിക്കൽ ഓഫീസർ,
ഗവൺമെന്റ് കോളേജ്,
മുളങ്കുന്നത്തുകാവ്.

സർ,

വിഷയം :- ആശുപത്രി വികസന സൊസൈറ്റിയുടെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്.

***

മുളങ്കുന്നത്തുകാവ് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയുടെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1. ബഹു: ജില്ലാ കളക്ടർ (ചെയർമാൻ, എച്ച്.എം.സി)തൃശ്ശൂർ (ഉ.പ.സ)
2. ജില്ലാ മെഡിക്കൽ ഓഫീസർ, തൃശ്ശൂർ (ഉ.പ.സ)
3. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ)
4. ഓഫീസ് കോപ്പി.

പി. 05.06.

നം.എൽ.എഫ്.ടി(എസ്2))299/15

ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ ജില്ലാ കാര്യാലയം, തൃശ്ശൂർ.
തിയ്യതി : 04.06.15

**തൃശ്ശൂർ ജില്ലയിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ്, മുളങ്കുന്നത്തുകാവ് ആശുപത്രി വികസന സൊസൈറ്റിയുടെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.**

**(സ.ഉ (ആർ.ടി)നം. 3379/04 എച്ച് & എഫ്.ഡബ്ലിയു.ഡി. തിയ്യതി 03.12.04 പ്രകാരം പുറപ്പെടുവിക്കുന്നത്)**

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | : | ശ്രീ.കെ.ഡി.വർഗ്ഗീസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, ജില്ലാ ഓഫീസ്, തൃശ്ശൂർ. |

**ഓഡിറ്റ് നടത്തിയ കണക്കുകളുടെ വിവരം**

ആശുപത്രി വികസന സൊസൈറ്റിയുടെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ വിവിധ ഇനങ്ങളിലുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റു പരിശോധനയ്ക്കു വിധേയമാക്കുകയുണ്ടായി.

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ തിയ്യതി | : | 23.03.15 മുതൽ 31.03.15 വരെ<br>06.04.15 മുതൽ 10.04.15 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം**

| | | |
|---|---|---|
| 1.ശ്രീമതി. കെ.കെ.ഗിരിജ, ഓഡിറ്റ് ഓഫീസർ | : | 23.03.15 മുതൽ 31.03.15 വരെ |
| 2.ശ്രീ.എം.എൽ.അഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ | : | 23.03.15 മുതൽ 31.03.15 വരെ |
| 3.ശ്രീമതി. റീനാ ജോസഫ്, അസി:ഓഡിറ്റ് ഓഫീസർ | : | 23.03.15 മുതൽ 31.03.15 വരെ |
| 3.ശ്രീ.വി.എ.ഹാരിഷ്,സീനിയർ ഗ്രേഡ് ഓഡിറ്റർ | : | 23.03.15 മുതൽ 31.03.15 വരെ&<br>06.04.15 മുതൽ 10.04.15 വരെ |
| 4.ശ്രീമതി. ഷാജിത.കെ.എം -ടി- | : | 23.03.15 മുതൽ 28.03.15 വരെ&<br>06.04.15 മുതൽ 10.04.15 വരെ |
| 5.ശ്രീമതി. ഫെമിന.എ.എ., ഓഡിറ്റർ | : | 23.03.15 മുതൽ 31.03.15 വരെ&<br>06.04.15 മുതൽ 10.04.15 വരെ |
| 6.ശ്രീമതി. സുനിത.ആർ, ഓഡിറ്റർ | : | -ടി- |
| 7. ശ്രീ.സുഭാഷ്.എ.സി. ഓഡിറ്റർ | : | -ടി- |
| 8.ശ്രീമതി. കാർത്തിക - ,, | : | -ടി- |
| 9.ശ്രീമതി മുഹമ്മദ് ഹിഷാം.എം. | : | 06.04.15 മുതൽ 10.04.15 വരെ |

ഓഡിറ്റ് കാലയളവിൽ സമിതിയുടെ ചുമതല വഹിച്ചുവരുന്നവരുടെ പേര് വിവരം

**ചെയർമാൻ**

ശ്രീ.എ.ടി. ജെയിംസ്. ഐ.എ.എസ്. : 01.04.10 മുതൽ 05.02.11 വരെ
ശ്രീ.വി.ജി. തോമസ്, ഐ.എ.എസ്. : 05.01.11 മുതൽ 03.07.11 വരെ
ശ്രീ.കെ.വി.സനൽകുമാർ,ഐ.എ.എസ് : 03.07.11 മുതൽ 26.10.11 വരെ
ശ്രീ.പി.എം.ഫ്രാൻസിസ്, ഐ.എ.എസ്. : 26.10.11 മുതൽ 31.03.13 വരെ

**സെക്രട്ടറി**

ഡോ. കെ. മോഹനൻ : 01.04.10 മുതൽ 31.08.11 വരെ
ഡോ. കെ. ബാലഗോപാൽ : 01.09.11 മുതൽ 31.03.13 വരെ

**1. സമിതിയുടെ രൂപവത്ക്കരണം, ഘടന, ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ആശുപത്രി വികസന സമിതികൾക്ക് രൂപ നല്കാൻ ജി.ഒ.(എം.എസ്)26/83/ആരോഗ്യം നമ്പറിൽ സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചത് അനുസരിച്ചാണ് ആശുപത്രി വികസന സമിതി നിലവിൽ വന്നത്.

ആശുപത്രികളുടെ പ്രവർത്തനങ്ങളിൽ നിരന്തര ശ്രദ്ധ ചെലുത്തി ആവശ്യഘട്ടങ്ങളിൽ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും, സാമ്പത്തികമായും സഹായം നല്കി സ്ഥാപനത്തിന്റെ സുസ്ഥിരമായ വികസനത്തിനും, മെച്ചപ്പെട്ട പ്രവർത്തനത്തിനും വേണ്ടിയുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തിക്കുക എന്നതാണ് സമിതികളുടെ ലക്ഷ്യം

**ഭാഗം-2**

**പൊതു അപാകതകളും നിർദ്ദേശങ്ങളും**

1. വർഷാരംഭത്തിൽ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ ബജറ്റ് നിർദ്ദേശങ്ങൾ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതായി കാണുന്നില്ല. ബജറ്റ് നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. രേഖകളും കണക്കുകളും പൂർണ്ണമല്ല.
3. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 9-ൽ നിഷ്കർഷിക്കും പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2013-14 വർഷത്തെ വാർഷിക കണക്കുകൾ നാളിതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 2. ദിവസേന ലക്ഷങ്ങൾ കൈയ്യിരിപ്പു പണമായി വയ്ക്കുന്നു.-നിയമങ്ങളുടെ ലംഘനം

(എ) ചെലവുകൾക്ക് ആവശ്യമായ തുക ചെക്കുവഴി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിനു പകരം കളക്ഷൻ തുകയിൽ നിന്നും നേരിട്ട് ചെലവഴിക്കുന്നതായും, കളക്ഷൻ തുക ആഴ്ചകളുടെ ഇടവേളയ്ക്കു ശേഷം ഭാഗികമായി മാത്രം ബാങ്കിൽ അടവാക്കുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സ്ഥാപനത്തിൽ തുടരുന്ന ഈ പ്രവണത കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1, ആർട്ടിക്കിൾ 7ന്റെ ലംഘനമാണ്. വൻതുക കൈയ്യിരിപ്പ് പണമായി സൂക്ഷിച്ചതിന് ഉദാഹരണമായി ഒരാഴ്ചത്തെ പ്രതിദിന മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തിയ്യതി | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് നേരിട്ട് നടത്തുന്നത് | ബാങ്കിൽ അടവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 17.08.10 | 177050 | 32719 | 209769 | 13447 | 140500 | 55822 |
| 18.08.10 | 55822 | 30670 | 86492 | 12271 | 00 | 74221 |
| 19.08.10 | 74221 | 30669 | 104890 | 1160 | 00 | 103730 |
| 20.08.10 | 103730 | 1092111 | 1195841 | 530519 | 00 | 665322 |
| 21.08.10 | 665322 | 22692 | 688014 | 523871 | 00 | 164143 |
| 25.08.10 | 164143 | 58509 | 222652 | 00 | 00 | 222652 |
| 26.08.10 | 222652 | 39807 | 262459 | 30627 | 129500 | 102332 |

ബി. ആശുപത്രി വികസന സൊസൈറ്റി ജീവനക്കാരുടെ വേതന വിതരണത്തിനായി ബാങ്കിൽ നിന്നും തുക പിൻവലിച്ച് പൂർണ്ണമായി വിതരണം ചെയ്യാതെ ആഴ്ചകളോളം കൈവശം വയ്ക്കുന്നതായാണ് ക്യാഷ് ബുക്ക്, അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ വ്യക്തമായത്. സ്ഥാപനത്തിൽ "Undisbursed Pay Register" എഴുതി സൂക്ഷിക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

01. 09.12.2010ന് 364105/-രൂപ പിൻവലിച്ചു. 01.03.11 വരെ വിതരണം നടന്നു. ശേഷിക്കുന്ന 5249/-രൂപ കയ്യിരിപ്പ് പണത്തോടൊപ്പം ഉൾപ്പെടുത്തി.
02. 07.01.11ന് 371588/-രൂപ പിൻവലിച്ചു. 01.03.11 വരെ വിതരണം നടന്ന . ശേഷിക്കുന്ന 1629/-രൂപ കയ്യിരിപ്പ് പണത്തോടൊപ്പം ഉൾപ്പെടുത്തി.
03. 05.06.2012ന് 435576/-രൂപ പിൻവലിച്ചു. 29.06.12 വരെ വിതരണം നടന്നു.
04. 05.05.12ന് 418365/-രൂപ പിൻവലിച്ചു. 31.05.12 വരെ വിതരണം നടന്നു.

മേൽപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3.ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ

കേരള ട്രഷറി കോഡ് വോള്യം Iചട്ടം vi പ്രകാരം ക്യാഷ് ബുക്കിൽ ഒരിക്കൽ വരുത്തിയ രേഖപ്പെടുത്തലുകൾ മായ്ക്കുന്നതോ, തിരുത്തിയെഴുതുന്നതോ, കർശനമായി നിരോധിച്ചിരിക്കുന്നു. തെറ്റുകളുണ്ടെന്ന് കണ്ടെത്തിയാൽ, തെറ്റായ എൻട്രികളുടെ മുകളിൽ കൂടി ചുവന്ന മഷിയിൽ വെട്ടിയതിനുശേഷം യഥാർത്ഥ രേഖപ്പെടുത്തലുകൾ വരികൾക്കിടയിൽ വരുത്തി സ്ഥാപന തലവൻ തിയ്യതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽപ്പറയുന്ന വ്യവസ്ഥകൾ പാലിക്കാതെ സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് വളരെ അശ്രദ്ധയോടെയാണ് കൈക്കാര്യം ചെയ്യുന്നത്. മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകൾ പല ദിവസങ്ങളിലേതും വെട്ടിയും തിരുത്തിയും മായിച്ചും എഴുതിയതായി കാണുന്നു. ഇക്കാരണങ്ങളാൽ ക്യാഷ് ബുക്കിന്റെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

1. നീണ്ട കാലയളവുകൾക്കു ശേഷം ക്യാഷ് ബുക്കിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് സംഖ്യകൾ തിരുത്തിയെഴുതുന്നു.
   ഉദാഹരണമായി 10.11.11 മുതൽ 16.11.11വരെയുള്ള എൻട്രികൾ 10.11.11ന് മുന്നിരിപ്പ് 2810210 എന്നതുമാറ്റി 138400 എന്നു എഴുതി 16.11.11.വരെയുള്ള എൻട്രികൾക്ക് മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.
2. 30.01.12 മുതൽ 07.04.12 വരെയുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് തിരുത്തിയിട്ടുണ്ട്.
3. 30.03.2012ലെ കാഷ് നീക്കിയിരുപ്പ് 106582/-രൂപ എന്നാണ്. എന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസമായ 02.04.12ന് മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 109437/-രൂപ എന്നാണ്. അതേ സമയം 2012-13ലെ R&P A/c.ന്റെ മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 109537/- എന്നുമാണ്.
4. 26.04.12 മുതൽ 09.05.12 വരെയുള്ള നീക്കിയിരുപ്പ്, മുന്നിരിപ്പുകളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്.
5. 07.06.12 മുതൽ 14.06.12 വരെയുള്ള രേഖപ്പെടുത്തലുകൾ ട്രഷറർ സാക്ഷ്യപ്പെടുത്താതെ ഒരു ഭാഗത്ത് തുടർച്ചയായി എഴുതിയിരുന്നു. വീണ്ടും ഈ കാലയളവിലെ എൻട്രികൾ എഴുതി ട്രഷറർ സാക്ഷ്യപ്പെടുത്തിയും കാണുന്നു. ഇതിൽ നിന്നും ക്യാഷ് ബുക്ക് പ്രതിദിനമെഴുതി ട്രഷറർ സാക്ഷ്യപ്പെടുത്തിയില്ലായെന്ന് വ്യക്തമാണ്.
6. 29.11.12 മുതൽ 14.12.12 വരെയുള്ള എൻട്രികൾ ട്രഷറർ സാക്ഷ്യപ്പെടുത്താത്തത് ഒരു ഭാഗത്ത് തുടർച്ചയായി ഉള്ളപ്പോൾ മറുഭാഗത്ത് തുടർന്ന് ഈ ദിവസങ്ങളിലെ രേഖപ്പെടുത്തലുകൾ ട്രഷറർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. തുടർന്ന് 07.01.2013 വരെയുള്ള മുന്നിരിപ്പ്, നീക്കിയിരുപ്പുകളിൽ വെട്ടിത്തിരുത്തലും വരുത്തിയിട്ടുണ്ട്.
7. 19.02.13, 01.03.13, 05.03.13 എന്നീ തിയ്യതികളിലെ ക്യാഷ് ബുക്ക് എൻട്രികൾ സാക്ഷ്യപ്പെടുത്തിയത് അതിന് തൊട്ടുമുമ്പും ശേഷവും ഉള്ള തിയ്യതികളിലെ എൻട്രികൾ സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥനല്ലായെന്നു കാണുന്നു
8. ക്രമ നമ്പർ 5,6 എന്നിവയിൽ പറയുന്നതുപോലെ 22.02.13നു ശേഷം 25.02.13 മുതൽ 11.03.13 വരെയുള്ള എൻട്രികൾ ആദ്യം എഴുതിയത് ട്രഷറർ സാക്ഷ്യ

പ്പെടുത്താത്തതുണ്ട്. ശേഷം വീണ്ടും ഇതേ ദിവസങ്ങളിലെ ഇടപാടുകൾ എഴുതി ട്രഷറർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
ആദ്യം എഴുതിയതിൽ 23.02.13ലെ എൻട്രികൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.

**4.ബാങ്ക് നീക്കിയിരുപ്പുകൾ-ക്യാഷ് ബുക്കിലേയും പാസുബുക്കിലേയും നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുത്തലുകൾ വരുത്തുന്നില്ല.**

07/2011 മുതൽ 03/2013 വരെയുള്ള കാലയളവിലെ ക്യാഷ് ബുക്കിലെ ബാങ്ക് നീക്കിയിരുപ്പ് തുക പാസ്സ് ബുക്കിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

കൂടാതെ മുൻമാസാന്ത്യ നീക്കിയിരുപ്പു തുകയല്ല തുടർന്നുള്ള മാസത്തിലെ മുന്നിരിപ്പു തുകയായി ക്യാഷ് ബുക്കിൽ കാണിച്ചിട്ടുള്ളത്.

ഉദാഹരണമായി

| | | |
|---|---|---|
| 31.03.11ലെ നീക്കിയിരുപ്പ് | : | 3961576 |
| 01.04.11ലെ മുന്നിരിപ്പ് | : | 3961636 |
| 31.05.11ലെ നീക്കിയിരിപ്പ് | : | 3820939 |
| 01.06.11ലെ മുന്നിരിപ്പ് | : | 3824620 |
| 30.06.11ലെ നീക്കിയിരിപ്പ് | : | 3106371 |
| 01.07.11ലെ നീക്കിയിരിപ്പ് | : | 3173253 |

**5. ഇടപാടുകൾക്കായി രണ്ട് ബാങ്ക് അക്കൗണ്ടുകൾ**

എച്ച്.ഡി.എസ്. കളക്ഷൻ തുകകൾ 25.07.11 മുതൽ എസ്.ബി.ഐ.യുടെ മെഡിക്കൽ കോളേജ് ബ്രാഞ്ചിലാണ് നിക്ഷേപിക്കുന്നത്. (അക്കൗണ്ട് നം. 33419) എന്നാൽ ആദ്യം ഉണ്ടായിരുന്ന എസ്.ബി.ടി. അക്കൗണ്ട് (അക്കൗണ്ട് നം. 88726, അത്താണി ബ്രാഞ്ച്) ക്ലോസ് ചെയ്തിട്ടുമില്ല. പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്കിൽ അവസാനമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത് 31.05.14നാണ്. അതു പ്രകാരം 403558/-രൂപ നീക്കിയിരുപ്പുണ്ട്. എന്തിനാണ് 2 അക്കൗണ്ടുകൾ നില നിർത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല.

**6.രേഖകൾ അപൂർണ്ണം-മുന്നിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല**

മുൻവർഷങ്ങളിലെ വരവു ചെലവു കണക്കുകൾ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 01.04.2010ലെ കയ്യിരുപ്പു പണം, ബാങ്ക് മുന്നിരുപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. വരവ്, ചെലവ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

വരവ് രജിസ്റ്റർ

ഓഡിറ്റ് കാലയളവിലെ (01.04.2010-31.03.2013) വരവ് രജിസ്റ്റർ അപൂർണ്ണമാണ്. 04/2010 മുതൽ 11/2010 വരെയുള്ള രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 08/12, 09/12, 10/12, 11/12, 02/13, 03/13 എന്നീ മാസങ്ങളിലെ വരവ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസ സംക്ഷിപ്തം, പ്രതിവർഷ സംക്ഷിപ്തം എന്നിവയും തയ്യാറാക്കിയിട്ടില്ല.

8. ചെലവു രജിസ്റ്റർ

11/2011 മുതൽ 04/2012 വരെയും, 07/2012 മുതൽ 02/2013 വരെയുമുള്ള കാലയളവിലെ ചെലവു വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രതിമാസ/പ്രതിവർഷ സംക്ഷിപ്തവും തയ്യാറാക്കിയിട്ടില്ല.

വരവു രജിസ്റ്റർ, ചെലവു രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പ്രതിമാസ/പ്രതിവർഷ സംക്ഷിപ്തം എഴുതിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് വർഷത്തെ വിവിധ ഇനങ്ങളിലുള്ള വരവ്, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. എച്ച്.ഡി. എസ്. കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് നടത്തി റിപ്പോർട്ട് നല്കിയിട്ടില്ല.

എച്ച്.ഡി.എസ്. കണക്കുകൾ സർക്കാർ നിർദ്ദേശ പ്രകാരം എഴുതി സൂക്ഷിക്കേണ്ടതും, ആയത് ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ് എന്നും വ്യവസ്ഥയുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലെ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതായി കാണുന്നില്ല.

10. മരുന്നുകൾ, സർജറി ഉപകരണങ്ങൾ എന്നിവ രോഗികൾക്ക് സബ്സിഡി നിരക്കിൽ നല്കുന്നതിനായി ഒരു ന്യായവില മെഡിക്കൽ സ്റ്റോർ എച്ച്.ഡി.എസ്സിന്റെ കീഴിൽ 12.06.12 മുതൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിന്റെ വരവു ചെലവുകൾ ഓഡിറ്റിന് ലഭമാക്കിയ വരവു ചെലവു കണക്കിൽ (2012-13 വർഷത്തേത്) ഉൾപ്പെടുത്തിയിട്ടില്ല.

11. സ്ഥിര നിക്ഷേപം സംബന്ധിച്ചുള്ള വിവരങ്ങൾ പൂർണ്ണമല്ല.

സി.ടി.സ്കാൻ സി.എ.എം.സിയ്ക്കു വേണ്ടി ഓരോ മാസവും രണ്ടു ലക്ഷം രൂപ വീതം പിൻവലിച്ച് സ്ഥിര നിക്ഷേപമായി ഇടുന്നുണ്ട്. ഫിക്സഡ് ഡെപ്പോസിറ്റ്

രശീതി നമ്പർ, തിയ്യതി, നിക്ഷേപിച്ച തുക, പലിശ നിരക്ക്, കാലാവധി, കാലാവധി കഴിഞ്ഞ് ലഭിക്കുന്ന തുക എന്നീ വിവരങ്ങൾ ഓരോ നിക്ഷേപത്തിനും പേജ് തിരിച്ച് കാണിക്കുന്ന ഒരു രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ഓരോ വർഷവും സ്ഥിര നിക്ഷേപ ഇനത്തിലുള്ള മുന്നിരിപ്പ്, നിക്ഷേപിച്ച തുക, പിൻവലിച്ച തുക, നീക്കിയിരിപ്പ് എന്നിവ രേഖകളുടേയും, രജിസ്റ്ററുകളുടേയും അഭാവത്തിൽ പരിശോധിക്കാൻ ആയിട്ടില്ല.

**12.രശീതി പുസ്തകങ്ങൾ ഹാജരാക്കിയില്ല.**

2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ എല്ലാ രശീതി പുസ്തകങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| വർഷം | എണ്ണം |
|---|---|
| 2010-11 | 318 |
| 2011-12 | 499 |
| 2012-13 | 501 |
| **ആകെ** | **1318** |

ഹാജരാക്കാത്ത രശീതി പുസ്തകങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

ഓരോ സാമ്പത്തിക സാമ്പത്തിക വർഷത്തെ രശീതി പുസ്തകങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും രശീതി പുസ്തകങ്ങൾ ആർക്കാണ് നല്കിയതെന്നും, അവശേഷിക്കുന്നത് എത്രയാണെന്നുമുള്ളത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**13.രശീതി പരിശോധനയിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.**

1. 23.07.2011ലെ 2814/29 നമ്പർ രശീതി പ്രകാരം സി.ടി.സ്കാനിങ് ഇനത്തിൽ 600/-രൂപ വരവുണ്ട്. എന്നാൽ ഈ തുക അന്നേ ദിവസത്തെ കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് എച്ച്.ഡി.എസ്. ഫണ്ടിൽ വരവു വെച്ചിട്ടില്ല.

**2. കളക്ഷൻ തുക അടവാക്കിയതിൽ കുറവ്**

താഴെപ്പറയുന്ന ഇനങ്ങളിലുള്ള കളക്ഷൻ തുകകൾ ക്യാഷ് ബുക്കിൽ ചേർത്ത് അടവാക്കിയതായി കാണുന്നില്ല.

| ഇനം | രശീതി നം./തിയ്യതി | തുക |
|---|---|---|
| ഹോസ്പിറ്റൽ സ്റ്റോപേജ് | 11.03.13ലെ കളക്ഷൻ തുക | 3885 |
| -ടി- | 21.01.13ലെ കളക്ഷൻ തുക | 1715 |
| വെഹിക്കൾ പാസ്സ് | 15.03.13ലെ കളക്ഷൻ തുക | 945 |
| ആകെ | | 6545 |

കുറവ് വന്ന തുകകൾ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി ഫണ്ടിൽ പലിശ സഹിതം അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**14. കളക്ഷൻ തുക പൂർണ്ണമായും അടവാക്കിയിട്ടില്ല.**

2012-13 സാമ്പത്തിക വർഷം ഹോസ്പിറ്റൽ മാനേജ്മെന്റ് സൊസൈറ്റിയുടെ 11.04.2012ൽ 60410/-രൂപയാണ് ബാങ്കിൽ അടവാക്കിയതായി കാണിച്ചിട്ടുള്ളത്. എന്നാൽ ഈ ദിവസത്തെ ബാങ്ക് പാസ്സ് ബുക്കിൽ 50410/-രൂപ മാത്രമാണ് വരവ് വന്നിട്ടുള്ളത്. കുറവ് വന്ന 10000/-രൂപ പലിശ സഹിതം അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**15. മിൽമ ബൂത്ത്-തറവാടക ഈടാക്കിയിട്ടില്ല.**

ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന മിൽമാ ബൂത്ത് ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥ ക്രമ നമ്പർ 4 പ്രകാരം പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിക്കുന്നതുവരെ 1200/-രൂപയും, ഇതു കൂടാതെ പി.ഡബ്ല്യു.ഡി. നിശ്ചയിക്കുന്ന തറവാടകയ്ക്ക് പുറമേ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സൊസൈറ്റി നിശ്ചയിച്ച 2000/-രൂപയും ഒരു വർഷത്തേക്ക് മുൻകൂറായി അടവാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. മിൽമാ ബൂത്ത് ലേലം താഴെ പറയും പ്രകാരം നടന്നിട്ടുണ്ട്.

| ലേല കാലയളവ് | ടെണ്ടർ ലഭിച്ചവർ | തുക |
|---|---|---|
| 01.01.11 മുതൽ 31.12.11 വരെ | ലൈസ ജോസ് | 2338000 |
| 01.01.12 മുതൽ 31.12.12 വരെ | -ടി- | 3126000 |
| 01.01.13 മുതൽ 31.12.13 വരെ | എ.വി.സന്തോഷ് | 4045000 |

മേൽ കാലയളവുകളിൽ ടെണ്ടർ വ്യവസ്ഥ പ്രകാരം ഈടാക്കേണ്ട തറവാടക ഈടാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 2/26.03.15) തറവാടക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**16. എല്ലാ വൗച്ചറുകൾക്കും നമ്പർ നല്കുന്നില്ല.**

ക്യാഷ് പേയ്മെന്റുകളുടെ വൗച്ചറുകൾ മാത്രമാണ് സ്ഥാപനത്തിൽ ക്രമ നമ്പർ നല്കി സൂക്ഷിച്ചിട്ടുള്ളത്. ചെക്കു വഴി പേയ്മെന്റ് നടത്തുന്ന വൗച്ചറുകൾക്ക് ക്രമ നമ്പർ നല്കുന്നില്ല. കൂടാതെ എച്ച്.ഡി.എസ്. ജീവനക്കാരുടെ വേതനം സംബന്ധിച്ചുള്ള വൗച്ചറുകൾ ക്രമ നമ്പർ ഇട്ട് സൂക്ഷിക്കുന്നില്ല. ചെക്ക് വഴി പേയ്മെന്റ് നടത്തുമ്പോൾ തന്നെ ആ വിവരം അതാതു ദിവസത്തെ ക്യാഷ് ബുക്കിൽ ചേർക്കുന്നുമില്ല. ചെക്കായി നടത്തുന്ന പേയ്മെന്റുകൾ അതാതു ദിവസത്തെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രതിദിന ബാങ്ക് നീക്കിയിരിപ്പ് വിവരങ്ങൾ ക്യാഷ് ബുക്കിൽ നിന്നും ലഭ്യമാകുന്നുമില്ല.

**17. മുൻകൂർ നല്കുന്നത്-വിവരങ്ങൾ പൂർണ്ണമല്ല-മുൻകൂറുകൾ**

പട്ടികവർഗ്ഗ വിഭാഗങ്ങളിലേയും, ആർ.എസ്.ബി.വൈ പദ്ധതിയിലേയും രോഗികൾക്ക് യാത്രാ ചെലവ്, മരുന്നിനുള്ള ചെലവ്, ആംബുലൻസ് വാടക എന്നിവ എച്ച്.ഡി.എസ്. ഫണ്ടിൽ നിന്നും നല്കുന്നുണ്ടെങ്കിലും ഒരേ കാലയളവിൽ നല്കിയ തുക എത്രയെന്നോ അത് റീക്കൂപ്പ് ചെയ്തിട്ടുണ്ടോയെന്നോ ഉള്ള വിവരങ്ങൾ പരിശോധിക്കാൻ യാതൊരു രജിസ്റ്ററോ, രേഖയോ സ്ഥാപനത്തിലില്ല. ട്രൈബൽ അക്കൗണ്ടിലും, ആർ.എസ്.ബി.വൈ അക്കൗണ്ടിലും ഓഡിറ്റ് കാലയളവിൽ പ്രതി ദിനം ലക്ഷങ്ങൾ നീക്കിയിരിപ്പ് ഉള്ളപ്പോൾ എച്ച്.ഡി.എസ്സിന്റെ കളക്ഷനിൽ നിന്നും മേൽപ്പറയുന്ന ആവശ്യങ്ങൾക്ക് പണം നേരിട്ട് ചെലവഴിക്കുന്നതെന്തിനാണെന്ന് ഓഡിറ്റിന് വ്യക്തമാക്കിയിട്ടില്ല.

**18. ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.**

സ്ഥിര ആസ്തികൾ (ഫിക്സഡ് അസറ്റ്സ്) സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കുന്ന ആസ്തി രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല.

**19. A.M.C.ചാർജ്ജ് അടച്ച കാലയളവിലും സി.റ്റി.സ്കാനർ പ്രവർത്തനക്ഷമമായില്ല.**

21.12.2011ലെ Letter No. Endt.on G5/3425/11/MCH പ്രകാരം സിറ്റി സ്കാനർ പ്രവർത്തനക്ഷമമല്ല എന്നു കാണിച്ചു വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെട്ട സീമെൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് ഇക്കാര്യങ്ങൾ കാണിച്ച് 20.01.12ന് വീണ്ടും കത്ത് നല്കിയിട്ടുണ്ട്. A.M.C.ചാർജ്ജ് അടവാക്കുന്നുണ്ട് എങ്കിലും 30.12.2011 മുതൽ 09.01.12 വരെയുള്ള കാലയളവിൽ സ്ഥാപനത്തിന് സിറ്റി സ്കാനിങ്ങിൽ നിന്നും വരവൊന്നും ഇല്ല എന്ന് പരിശോധനയിൽ കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

**20. ഡെപ്പോസിറ്റ് പ്രവൃത്തികൾ-ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല.**

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തുകകൾ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ ഡിവിഷന് കൈമാറിയതായി കാണുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം ചുവടെ;

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | ചെക്ക് നം./ തിയ്യതി | തുക കൈപ്പറ്റിയത് |
|---|---|---|---|---|
| 01 | ഓപ്പറേഷൻ തിയ്യറ്റർ റിപ്പയർ | 56000 | 541599/ 15.09.11 | എക്സി:എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ, തൃശ്ശൂർ |
| 02 | Maintenance of Fire extinguishers/hydrant system | 385000 | 541600/ 15.09.11 | -ടി- |
| 03 | വിവിധ വാർഡുകളിൽ സീലിംഗ് ഫാൻ/Exhaust Fan | 165000 | 541601/ 15.09.11 | -ടി- |
| | ആകെ | 606000 | | |

ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ, മറ്റു രേഖകൾ എന്നിവയടങ്ങുന്ന ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതോടൊപ്പം ടി ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 8/30.03.15ന് മറുപടി ലഭ്യമാക്കിയില്ല) ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

**21. കിടപ്പു രോഗികൾക്ക് ഐ.പി.നമ്പർ, അഡ്മിഷൻ നമ്പർ എന്നിവ പരിശോധിക്കാതെ ധനസഹായം നല്കി വരുന്നു.**

എസ്.ടി.കിടപ്പു രോഗികൾക്കും, ബൈ സ്റ്റാന്റിനും നല്കുന്ന ഭക്ഷണ ചെലവ്, ദിനബത്ത എന്നിവ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നല്കുന്ന ശുപാർശയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നല്കി വരുന്നത്. എന്നാൽ ടി രോഗികളുടെ ഐ.പി. നമ്പർ, അഡ്മിഷൻ നമ്പർ എന്നിവ ബന്ധപ്പെട്ട വാർഡിലെ ഉത്തരവാദപ്പെട്ട ആരും തന്നെ സാക്ഷ്യപ്പെടുത്താതെയാണ് ആനുകൂല്യം നല്കിവരുന്നത്. ഇത്തരം പരിശോധനകൾ നടത്തി കിടിപ്പു വിവരം ഉറപ്പാക്കി മാത്രം ആനുകൂല്യം നല്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

**22. സി.ടി.സ്കാനർ നിക്ഷേപ തുക എഴുതി തയ്യാറാക്കി രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല.(ചെക്ക് സബ്മിറ്റിങ്ങ് രജിസ്റ്റർ പ്രകാരം)**

2010-2011 വർഷം സി.ടി.സ്കാനർ ആന്വൽ മെയിന്റനനൻസിനു വേണ്ടി 2,40,000/-രൂപ എസ്.ബി.ടി. 57069788726 അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. വിശദവിവരം താഴെ.

| ക്രമ നം. | ചെക്ക് നം. | തുക പിൻവലിച്ച് നിക്ഷേപിച്ച തിയ്യതി | തുക | കാലവധി അവസാനിച്ച തിയ്യതി |
|---|---|---|---|---|
| 01 | 145806 | 13.04.10 | 200000 | 12.04.2011 |
| 02 | 145811 | 07.05.10 | 200000 | 06.05.2011 |
| 03 | 145820 | 15.06.10 | 200000 | 14.06.2011 |

| | | | | |
|---|---|---|---|---|
| 04 | 157525 | 08.07.10 | 200000 | 07.07.2011 |
| 05 | 157527 | 26.08.10 | 200000 | 25.08.11 |
| 06 | 157537 | 14.09.10 | 200000 | 15.09.11 |
| 07 | 170827 | 08.10.10 | 200000 | 07.10.11 |
| 08 | 170830 | 15.11.10 | 200000 | 14.11.11 |
| 09 | 152400 | 10.12.10 | 200000 | 09.12.11 |
| 10 | 152417 | 14.01.11 | 200000 | 13.01.12 |
| 11 | 152439 | 09.02.11 | 200000 | 08.02.12 |
| 12 | 000174 | 10.03.11 | 200000 | 09.03.12 |
| | | ആകെ | 2400000 | |

മേൽ അടവു വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്റർ ആധികാരികമാക്കുകയും, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

**23. അനുബന്ധ പത്രികകൾ**

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയുടെ 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിന് ലഭ്യമാക്കിയ വരവ് ചെലവ് പത്രിക നിശ്ചിത ഫോറത്തിലുള്ളതല്ല. വരവ് ചെലവ് കണക്കുകൾ പൂർണ്ണമല്ലാത്തതിനാൽ വരവു ചെലവു പത്രിക ഓഡിറ്റ് അംഗീകരിച്ചിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഹാജരാക്കാത്ത രശീതി പുസ്തകങ്ങളുടെ വിവരം

**വർഷം 2010-11**

രശീതി പുസ്തകം നം.

803 817

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 791 | 792 | 795 | 798 | 800 | 804 | 807 | 812 | 815 | 818 |
| 819 | 821 | 825 | 826 | 828 | 832 | 834 | 839 | 841 | 842 |
| 843 | 846 | 847 | 849 | 852 | 853 | 856 | 857 | 858 | 866 |
| 869 | 871 | 874 | 880 | 881 to 885 | 887 | 891 | 893 | 895 | 896 |
| 901 | 904 | 907 | 908 | 912 | 918 | 925 | 939 | 941 to 944 | 947 |
| 948 | 949 | 951 | 955 | 973 | 981 | 983 | 987 | 988 | 989 |
| 991 | 993 | 994 | 10 | 16 | 17 | 21 | 22 | 25 | 28 |
| 29 | 32 | 38 | 39 | 40 | 44 | 45 | 51 | 54 | 59 |
| 61 | 64 | 65 | 72 | 75 | 84 | 86 | 87 | 88 | 91 |
| 93 | 94 | 100 | 104 | 106 | 107 | 110 | 113 | 117 | 118 |
| 128 | 157 | 163 | 164 to 167 | 170 | 174 | 175 | 177 | 178 179 | 181 to 185 |
| 187 | 188 | 190 | 192 | 194 to 199 | 203 | 208 | 210 | 211 | 212 |
| 222 | 224 | 225 | 226 to 229 | 231 | 238 | 240 | 248 | 249 | 251 |
| 258 | 264 | 267 | 271 | 273 | 286 | 314 | 315 | 320 | 346 |
| 360 | 395 | 441 to 444 | 454 | 455 | 457 | 463 to 468 | 473 | 474 | 476 to 478 |
| 479 to 481 | 483 to 485 | 487 to 489 | 491 | 493 | 495 | 499 | 502 to 510 | 512 to 515 | 517 to 519 |
| 524 | 525 | 526 | 529 | 530 | 532 | 533 | 541 to 545 | 547 to 549 | 551 |
| 553 to 560 | 561 to 563 | 565 | 566 to 575 | 577 to 579 | 581 to 587 | 589 | 591 to 594 | 596 | 599 |
| 600 | 602 | 606 to 609 | 611 661 to 630 | 631 | 634 to 637 | 641 to 643 | 645 | 654 | 674 |
| 675 | 682 | 684 | 688 to 690 | 709 | 722 | 728 | 739 | | |

വർഷം 2011-12

രശീതി പുസ്തകം നം.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 764 | 766 | 776 to 779 | 791 | 792 to 799 | 810 | 813 | 820 | 821 | 824 to 827 |
| 829 to 831 | 833 | 835 | 836 | 841 | 842 | 855 | 886 | 887 | 860 |
| 866 | 863 | 869 | 870 | 871 | 888 | 889 | 890 | 898 | 899 |
| 996 | 1 | 3 to 6 | 11 | 12 | 31 | 45 | 66 | 67 | 111 |
| 117 | 118 | 121 | 128 | 129 | 133 | 134 | 157 | 159 | 178 |
| 199 | 200 | 202 | 203 | 213 to 216 | 222 | 223 | 224 | 232 | 235 |
| 236 to 239 | 244 | 247 | 254 | 258 | 266 | 269 | 275 | 278 | 283 |
| 285 | 292 | 295 | 297 to 299 | 304 | 305 | 308 | 309 | 310 | 315 |
| 316 | 318 | 319 | 320 | 322 | 323 | 330 | 331 | 333 | 340 |
| 342 to 315 | 349 | 350 | 351 to 355 | 357 to 359 | 361 to 368 | 371 to 373 | 375 to 377 | 379 | 380 to 392 |
| 394 to 400 | 400 | 402 to 406 | 408 to 413 | 417-to 430 | 433 | 438 to 447 | 450 | 452 to 454 | 455 to 458 |
| 460 to 468 | 470 | 472 to 477 | 479 to 520 | 523 to 526 | 529 | 530 | 531 | 532 | 536 to 539 |
| 550 | 561 | 562 | 565 | 566 | 569 | 571 | 573 | 574 to 576 | 579 to 585 |
| 587 to 596 | 601 to 604 | 606 | 608 to 643 | 645 to 648 | 650 | 651 | 653 | 654 | 656 to 660 |
| 662 | 664 | 665 | 666 | 670 | 672 | 674 | 677 | 678 | 680 |
| 681 | 682 | 684 | 687 | 688 | 690 | 692 to 694 | 696 to 720 | 725 | 726 |
| 730 | 734 to 738 | 764 | 771 | 774 | 777 | 778 | 780 | 747 to 750 | 751 |
| 754 to 758 | 788 | 789 to 792 | 796 | 800 | 803 | 804 | 808 | 809 | 811 |
| 814 | 815 | 819 | 825 | 826 to 829 | 831 to 833 | 836 to 841 | 843 to 858 | 861 to 864 | 868 |
| 873 | | | | | | | | | |

<u>വർഷം 2012-13</u>

രശീതി പുസ്തകം നം.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 878 to 880 | 893 | 894 | 902 | 924 | 928 | 938 | 940 | 961 | 964 |
| 968 | 969 | 979 | 949 | 996 | 997 | 1 | 4 | 5 | [illegible] |
| 16 | 17 | 19 | 22 to 28 | 32 | 33 | 88 | 111 | 122 | 126 |
| 127 | 129 | 136 | 142 | 146 to 150 | 152 to 169 | 177 to 180 | 185 | 183 | 186 |
| 190 | 191 | 194 | 198 | 199 | 201 to 219 | 221 to 270 | 272 to 277 | 279 | 281 |
| 283 | 284 | 289 | 297 to 300 | 304 | 305 | 307 | 310 | 314 | 315 |
| 318 to 320 | 322 to 325 | 328 | 331 to 335 | 342 | 355 | 356 | 387 | 388 | 394 |
| 400 to 432 | 436 to 440 | 442 | 443 | 445 | 446 | 450 | 451 to 491 | 494 to 531 | 533 to 541 |
| 548 | 554 | 555 | 565 | 591 | 599 | 600 | 601 | 603 | 605 to 610 |
| 614 to 625 | 627 to 637 | 639 to 649 | 652 | 655 | 656 | 661 | 665 | 670 | 671 |
| 672 | 674 to 676 | 678 | [illegible] | 684 | 689 | 699 | 703 | 705 | 712 |
| 730 | 742 | 748 | 749 | 757 | 764 | 768 | 794 | 795 | 799 |
| 810 to 812 | 892 | 895 | 896 | 898 | 907 | 908 | 931 | 934 | 935 |
| 987 | 988 | 995 | 998 | | | | | | |

23.02.2013 മുതൽ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 16 | 34 | 39 | 40 | 41 to 45 | 49 | 50 | 51 | 52 | 53 |
| 61 to 63 | 66 | 71 to 76 | 80 | 90 | 93 to 95 | 98 | 100 | 101 to 110 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ